## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2543 12/03/2020-ൽ മറുപടിക്ക്

## സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം

| ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ മേഖലകൾ ഉൾപ്പെടെ വിവിധ മേഖലകളിലായി എത്ര തൊഴിൽരഹിതരുണ്ട് എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ മേഖലകൾ ഉൾപ്പെടെ വിവിധ മേഖലകളിലുളള തൊഴിൽരഹിതരുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | സംസ്ഥാന സർക്കാർ നല്കുന്ന തൊഴിൽ രഹിതവേതനം എത്രയാണെന്നും നിലവിൽ അത് വാങ്ങുന്നവർ എത്ര പേരാണെന്നും വിശദമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ പ്രതിമാസം **120/-** രൂപ **(നൂറ്റിയിരുപത് രൂപാ മാത്രം)** നിരക്കിൽ തൊഴിൽരഹിത വേതനം നൽകുന്നു. **2019-20** സാമ്പത്തിക വർഷം **85122** പേർ തൊഴിൽരഹിത വേതനം കൈപ്പറ്റിയിട്ടുണ്ട്. |
| (സി) | തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് തൊഴിൽ തേടുന്നതിനായി സർക്കാർ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ? | (സി) | തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് തൊഴിൽ തേടുന്നതിനായി താഴെപ്പറയുന്ന നൂതന പദ്ധതികൾ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br>**എംപ്ലോയബിലിറ്റി സെന്റർ**<br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി |

| | | | |
|---|---|---|---|
| | | | സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.<br>**മോഡൽ കരിയർ സെന്റർ**<br>സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമുള്ള സമഗ്രമായ കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗ നിർദേശം നൽകുക, ഗ്രൂപ്പ് കൗൺസിലിംഗ്, വ്യക്തിഗത മാർഗ്ഗ നിർദേശങ്ങൾ, ഗ്രൂപ്പ് ഡിസ്കഷൻ, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്ന് ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള www.ncs.gov.in എന്ന വെബ് പോർട്ടൽ മോഡൽ കരിയർ സെന്ററിന്റെ വെബ് പോർട്ടലായി ഉപയോഗിച്ച് വരുന്നു. ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും മോഡൽ കരിയർ സെന്ററിന്റെ സേവനം സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതുമാണ്. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽദായകരുമായി ചേർന്ന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന |

| | | | |
|---|---|---|---|
| | | | വിധത്തിൽ കൃത്യമായ ആസൂത്രണത്തോടു കൂടി മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് നടത്തിവരുന്നുണ്ട്.<br>**<u>കരിയർ ഡെവലപ്മെന്റ് സെന്റർ</u>**<br>ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, റെസ്യൂമെ പ്രിപ്പറേഷൻ, പ്രി ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, വിവിധ മത്സരപരീക്ഷാ പരിശീലനങ്ങൾ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്.<br>**<u>നിയുക്തി മെഗാ ജോബ് ഫെയർ</u>**<br>സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ട് വന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | | | സർവീസ് വകുപ്പ് മുഖേന മേഖലാടിസ്ഥാനത്തിൽ നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സംഘടിപ്പിക്കുന്ന നിയുക്തി ജോബ്ഫെയറിൽ പങ്കെടുക്കുന്നതിന് ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗദായകർക്കും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തിവരുന്നത്. നിയുക്തി പോലുള്ള ജോബ്ഫെയറുകൾ വഴി ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നത് വഴി ഉദ്യോഗദായകർക്ക് അവരുടെ ഒഴിവുകൾക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യുന്നതിനും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്ത് അർഹമായ തൊഴിൽ നേടുന്നതിനുമുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**ആകെ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം –34,18,072**

| | |
|---|---|
| പുരുഷന്മാർ | – 12,44,555 |
| സ്ത്രീകൾ | – 21,73,492 |
| ട്രാൻസ്ജൻഡേഴ്സ് | – 25 |

---

| | |
|---|---|
| **ആകെ** | **– 34,18,072** |
| **തൊഴിലിന് അർഹത നേടിയ പ്രായ പരിധി (18 വയസ്സിനും 50 വയസ്സിനും) - യിൽപ്പെട്ടവർ** | **– 29,75,814** |

===

**<u>പ്രത്യേക വിഭാഗത്തിൽപ്പെട്ടവർ</u>**

| | | |
|---|---|---|
| 1. | 18 വയസ്സിനു താഴെ ഉള്ളവർ | – 3, 28, 813 |
| 2. | 50 വയസ്സിനു മുകളിലുള്ളവർ | – 1,12,372 |
| 3. | പട്ടികജാതി | – 5,18,296 |
| 4. | പട്ടിക വർഗ്ഗം | – 41,180 |
| 5. | ഭിന്നശേഷിക്കാർ | – 75,177 |
| 6. | വിധവകൾ | – 49,470 |
| 7. | അവിവാഹിതയായ സ്ത്രീകൾ | – 6,058 |
| 8. | അവിവാഹിതയായ അമ്മമാർ | – 25 |
| 9. | വിമുക്തഭടന്മാർ | – 12,468 |
| 10. | മിശ്രവിവാഹിതർ | – 2,087 |

**<u>വിദ്യാഭ്യാസ യോഗ്യതയുള്ള വിഭാഗം</u>**

| | | |
|---|---|---|
| 1. | നിരക്ഷർ – | 655 |
| 2. | ബിലോ മെട്രിക് – | 2,64,596 |
| 3. | മെട്രിക് – | 19,39,978 |
| 4. | പ്ലസ് ടു/പി.ഡി.സി – | 8,22,865 |
| 5. | ബിരുദം – | 3,06,705 |
| 6. | ബിരുദാനന്തര ബിരുദം– | 83,273 |
| 7. | പ്രൊഫഷണൽ / സാങ്കേതിക യോഗ്യത നേടിയവർ – | 1,45,619 |

a. എഞ്ചിനീയർമാർ - 45,913
b. ഡോക്ടർമാർ - 8,753
c. അഗ്രികൾച്ചർ- 1,344
d. വെറ്റിനറി സർജൻസ്- 498
e. നിയമ ബിരുദം - 758
f. എം.സി.എ - 3,836
g. എം.ബി.എ - 6,903
h. പി.ജി.ഡി.സി.എ - 3,576
i. ബി.എസ്.സി നേഴ്സിംഗ്- 11,268
j. ബി.എസ്.സി എം.എൽ.റ്റി- 1,231
k. പി.ജി ആർട്സ് - 20,077
l. പി.ജി കോമേഴ്സ് - 11,695
m. പി.ജി സയൻസ് - 21,250
n. ഡിപ്ലോമ എഞ്ചിനിയറിംഗ് - 79,731
o. ഐ.റ്റി.ഐ സർട്ടിഫിക്കറ്റ്- 96,446

സെക്ഷൻ ഓഫീസർ